# 1

# ഒരേ വിശ്വാസത്തിലുള്ളവർക്ക് വന്ദനം

## (1:1, 2)

2 പത്രൊസിന്റെ ലേഖനത്തിൽ, അപ്പൊസ്തലന്റെ അധികാരമായിരുന്നു പ്രശ്നം. ഒരു ഉപദേഷ്ടാവ് പ്രോൽസാഹിപ്പിക്കുന്നതിനേക്കാൾ കൂടുതൽ ആധികാരികമായി ശാസിക്കേണ്ടത് അനിവാര്യമാണ്, പത്രൊസിന്റെ വായനക്കാരിൽ ചിലർ ദുരുപദേഷ്ടാക്കന്മാരുടെ പിടിയിൽ അകപ്പെട്ടിരുന്നു. ക്രിസ്ത്യാനികളെ ദുരുപദേഷ്ടാക്കന്മാർ അപ്പൊസ്തലന്റെ വാക്കുകളുമായി ഏറ്റുമുട്ടുമ്പോൾ അപ്പൊസ്തലന്റെ അധികാരം പ്രശ്നമായിരുന്നു. അക്കാരണത്താൽ, അപ്പൊസ്തലൻ ശ്രദ്ധയോടെയായിരുന്നു ആരംഭ വാക്കിനാൽ തന്നെ തിരിച്ചറിയിച്ചത്. ലേഖനത്തിന്റെ ധർമ്മാനുസാരിത സ്പഷ്ടത അവന്റെ വാക്കുകളിൽ പ്രകടമായിരുന്നു.

### പ്രാരംഭ വന്ദനം (1:1, 2)

**1യേശുക്രിസ്തുവിന്റെ ദാസനും അപ്പൊസ്തലനുമായ ശിമോൻ പത്രൊസ് നമ്മുടെ രക്ഷിതാവും ദൈവത്തിന്റേയും യേശുക്രിസ്തുവിന്റേയും നീതിയാൽ ഞങ്ങൾക്ക് ലഭിച്ചതുപോലെ അതേ വിലയേറിയ വിശ്വാസം ലഭിച്ചവർക്ക് എഴുതുന്നത്: 2ദൈവത്തിന്റേയും നമ്മുടെ കർത്താവായ യേശുവിന്റേയും പരിജ്ഞാനത്തിൽ നിങ്ങൾക്ക് കൃപയും സമാധാനവും വർദ്ധിക്കുമാറാകട്ടെ.**

**വാക്യം 1.** എൻഏഎസ്ബിയിൽ ആരംഭിക്കുന്നത് ശിമോൻ പത്രൊസ് എന്നാണെങ്കിലും കയ്യെഴുത്തു പ്രതിയുടെ തെളിവ് അനുകൂലിക്കുന്നത് "ശിമെയോൻ" എന്ന വാക്കിനോടാണ്.[1] ഗ്രീക്കിലേക്ക് ലിപി മാറ്റി എഴുതിയപ്പോൾ രൂപപ്പെട്ടതാണ് "ശിമോൻ" (*ശിമോൻ*). "ശിമെയോൻ" (സുമെയോൻ) "സിമെയോൻ" എന്നു ഉച്ചരിച്ചിരുന്നത് ഉച്ചാരണത്തിൽ എബ്രായ/അരാമ്യ ഭാഷയിൽ കൂടുതൽ അടുത്തിരുന്നു. അത് ഒരു സാധാരണ പേരായിരുന്നു. LXX ൽ, ആ പേർ സാധാരണ ഉച്ചരിച്ചിരുന്നത് "ശിമെയോൻ" എന്നായിരുന്നു. പുതിയ നിയമത്തിൽ പത്രൊസിനെ "ശിമെയോൻ" എന്നു വിളിച്ചത് ഇവിടെയും പ്രവൃത്തികൾ 15:14 ലും മാത്രമാണ്. പാലസ്തീൻ സന്ദർഭത്തിലാണ് 2 പത്രൊസ് എഴുതിയതെങ്കിൽ, പത്രൊസ് പ്രാരംഭ വാക്യത്തിൽ ഉപയോഗിച്ചത് തന്റെ പഴയ പേരായിരിക്കും.

"ശിമെയോൻ" എന്ന പേർ പൊതുവായ പേരായിരുന്നു എന്നു പുതിയ നിയമത്തിലെ അതിന്റെ ഉപയോഗം വ്യക്തമാക്കുന്നു. യേശുവിനെ ദൈവാലയത്തിൽ പ്രതിഷ്ഠിക്കുവാനായി കൊണ്ടുപോയപ്പോൾ പ്രായമായ ഒരു ശിമെയോനെ കണ്ടതായി പറയുന്നു (ലൂക്കൊ. 2:25, 34). യേശുവിന്റെ

വംശാവലിയിൽ വരുന്ന ഒരു മനുഷ്യനും (ലൂക്കൊ. 3:30). അന്ത്യോക്യയിലെ ഉപദേഷ്ടാക്കന്മാരിലും പ്രവാചകന്മാരിലും ഉൾപ്പെട്ട ഒരാളും ശിമെയോൻ ആയിരുന്നു (പ്രവൃ. 13:1). ലാളിത്യത്തിന്, താഴോട്ട് പറയുന്നതിനെല്ലാം നമുക്ക് "ശിമോൻ" എന്നു വിളിക്കാം.

സുവിശേഷങ്ങളിൽ, പ്രത്യേകിച്ച് യോഹന്നാന്റെ സുവിശേഷത്തിൽ, "ശിമോൻ പത്രൊസ്" എന്ന പേർ ഇടക്കിടക്ക് വരുന്നുണ്ട്. ആ പേർ രണ്ടുപേരുകൾ ഒന്നിച്ചാണ് അപ്പോൾ വന്നിരുന്നതെങ്കിലും, "ശിമോൻ പത്രൊസിന്റേ" സഹോദരനായിട്ടാണ് ആദ്യമായി അന്ത്രെയോസിനെ പരിചയപ്പെടുത്തുന്നത് (യോഹ. 1:40). അന്ത്രെയൊസ് ആണ് ശിമോനെ യേശുവിന്റെ അടുക്കൽ കൊണ്ടുവരുന്നത്. ആദ്യമായി കണ്ടുമുട്ടിയപ്പോൾ യേശു അവനെ "കേഫാവ്" എന്നാണ് വിളിച്ചത്. അരാമ്യയിൽ അതു "പത്രൊസ്" എന്നതിനു തുല്യമാണ്. രണ്ടു വാക്കുകളുടേയും അർത്ഥം "പാറ," എന്നാണ്, എന്നാൽ പത്രൊസിനെ സുവിശേഷങ്ങളിൽ ഇവിടെ മാത്രമാണ് കേഫാവ് എന്നു വിളിച്ചത്. ഗലാത്യ ലേഖനത്തിലും 1 കൊരിന്ത്യർക്ക് എഴുതിയ ലേഖനത്തിലും പൗലൊസ് പത്രൊസിനെ കേഫാവ് എന്ന് വിളിച്ചിട്ടുണ്ട്. ആ അപ്പൊസ്തലനെ കേഫാവ് എന്നു വിളിക്കുവാനായിരുന്നു പൗലൊസിന് ഇഷ്ടം. "യേശു" എന്നും "ക്രിസ്തു" എന്നുമുള്ള വാക്ക് യോജിപ്പിച്ചു പറയുന്നതുപോലെ "ശിമോൻ" എന്നും "പത്രൊസ്" എന്നുമുള്ള പേരുകൾ യോജിപ്പിച്ച് "ശിമോൻ പത്രൊസ്" എന്ന് പറഞ്ഞിരിക്കുന്നത് ഉചിതമായിരിക്കുന്നു. ആ രണ്ടു പേരുകളും യോജിപ്പിച്ചതിന് നാം എന്തെങ്കിലും പ്രാധാന്യം കൊടുക്കേണ്ട ആവശ്യമില്ല; എങ്ങനെയായാലും അപ്പൊസ്തലൻ തന്റെ പഴയ പേർ "ശിമോൻ" എന്ന് തന്നെ പരിചയപ്പെടുത്തുന്നതിന് പ്രത്യേക പ്രാധാന്യം ഉണ്ട്.

1 പത്രൊസിന്റെ ലേഖനത്തിൽ, "യേശുക്രിസ്തുവിന്റെ അപ്പൊസ്തലനായ പത്രൊസ്" എന്നു മാത്രമാണ് തന്നെ പരിചയപ്പെടുത്തുവാൻ ഉപയോഗിച്ചത്. 2 പത്രൊസിന്റെ ലേഖനത്തിൽ, കൂറച്ചുകൂടെ ചേർത്ത് പറഞ്ഞിരിക്കുന്നു. അവൻ "ശിമോൻ പത്രൊസ്" ആയിരുന്നു; **യേശുക്രിസ്തുവിന്റെ ദാസനും-അപ്പൊസ്തലനും**. എൻഏഎസ്ബി ആ വാക്ക് തർജിമ ചെയ്തിരിക്കുന്നത് "ബോണ്ട്-സെർവന്റ്" എന്നാണ്. ആ വാക്ക് ഒരു അടിമയെ (*ഡൗലൊസ്*) ഗ്രീക്കിൽ പറയുന്നതാണ്. തനിക്ക് ദൈവത്തോടുള്ള ബന്ധം സൂചിപ്പിക്കുവാനായി പൗലൊസും ആ വാക്ക് ഉപയോഗിച്ചിരിക്കുന്നു (റോമർ. 1:1; ഫിലി. 1:1). "പന്തിരുവരിൽ ഒരുവൻ" എന്ന രീതിയിലും "അപ്പൊസ്തലൻ" എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട്. പ്രവൃത്തികൾ 1:21-26 ൽ, അപ്പൊസ്തലന്മാരുടെ സംഖ്യ പന്ത്രണ്ടായി പറയുവാനുള്ള കാരണവും ഇതാണെന്നു തോന്നുന്നു. "പന്തിരുവർ" എന്ന വാക്ക് പൗലൊസ് ഒരിക്കൽ മാത്രമാണ് ഉപയോഗിച്ചത് (1 കൊ. 15:5). അതേ സന്ദർഭത്തിൽ, അവൻ "എല്ലാ അപ്പൊസ്തലന്മാരെയും" ചേർത്താണ് "പന്തിരുവർ" എന്നു പറഞ്ഞിരിക്കുന്നതെന്ന് തോന്നുന്നു (1 കൊ. 15:7). പിന്നീടുള്ള വേദഭാഗത്ത്, കർത്താവിന്റെ സഹോദരനായിരുന്ന യാക്കോബിനെ, അപ്പൊസ്തലന്മാരിൽനിന്നു വേർതിരിച്ച് പറയുന്നുവെങ്കിലും ഗലാത്യർ 1:19 ൽ, മറ്റു അപ്പൊസ്തലന്മാരുടെ ഗണത്തിൽ ഉൾപ്പെടുത്തിയാണ് പറയുന്നത്. "ദൈവം ഒന്നാമത് അപ്പൊസ്തലന്മാരെ നിയമിച്ചു" (1 കൊ. 12:28) എന്നും "അവൻ ചിലരെ അപ്പൊസ്തലന്മാരായും നിയമിച്ചിരിക്കുന്നു" (എഫെ. 4:11) പറഞ്ഞപ്പോൾ, "അപ്പൊസ്തലന്മാർ" എന്ന വാക്ക് "പന്തിരുവർ" എന്ന അർത്ഥത്തിലാണോ ഉപയോഗിച്ചത് എന്നു വ്യക്തമല്ല.

പൗലൊസ് അപ്പൊസ്തലനായിരുന്നു എങ്കിലും പന്തിരുവരിൽ ഉൾപ്പെട്ടവനായിരുന്നില്ല.

"അപ്പൊസ്തലൻ" എന്ന വാക്ക് ചിലപ്പോൾ സാങ്കേതികമായും, മറ്റു ചിലപ്പോൾ ജാതിയമായ അർത്ഥത്തിലും ഉപയോഗിച്ചിട്ടുണ്ട്. ജാതിയമായി "അയക്കപ്പെട്ടവൻ" അല്ലെങ്കിൽ "ഒരു ദൗത്യത്തിനായി അയക്കപ്പെട്ടവൻ" എന്നാണ് അർത്ഥം. അത് ഒരു ഔദ്യോഗിക പ്രതിനിധി അല്ലെങ്കിൽ സ്ഥാനാപതിയെയാണ് സൂചിപ്പിക്കുന്നത്. ആ അർത്ഥത്തിൽ പൗലൊസും ബർന്നബാസും "അപ്പൊസ്തലന്മാർ" ആയിരുന്നു (പ്രവൃ. 14:4, 14). പ്രവൃത്തികൾ 14 ൽ, അവരെ "അപ്പൊസ്തലന്മാർ" എന്നു വിളിക്കുവാൻ കാരണം, അവർ സുറിയയിലെ അന്ത്യോക്യാ സഭയിലെ "സ്ഥാനാപതികൾ" ആയിരുന്നു. ലൂക്കൊസ് അധികവും "അപ്പൊസ്തലൻ" എന്ന വാക്ക് സാങ്കേതികമായിട്ടാണ് ഉപയോഗിച്ചത്, അർത്ഥം, "പന്തിരുവരിൽ ഒരുവൻ" അക്കാരണത്താലായിരിക്കാം പ്രവൃത്തികൾ 14:4, 14-ൽ ജാതിയ അർത്ഥത്തിലല്ലാതെ ലൂക്കൊസ് പൗലൊസിനെ "അപ്പൊസ്തലൻ" എന്നു വിശേഷിപ്പിച്ചില്ല. പൗലൊസിന് "അപ്പൊസ്തലൻ" എന്ന വാക്ക് സഭയിൽ പ്രവർത്തിക്കുന്ന ആധികാരിക പദമായിരുന്നു. ക്രിസ്തുവോടുകൂടിയുള്ള ബന്ധത്തിൽനിന്നാണ് അപ്പൊസ്തോലിക അധികാരം ഒഴുകി വന്നിരുന്നത് എന്ന് കരുതപ്പെട്ടിരുന്നു. പത്രൊസ് ഉപയോഗിച്ചതുപോലെ "അപ്പൊസ്തലൻ" എന്ന വാക്കിന് പന്തിരുവർ എന്നതിനപ്പുറമായി ഒരർത്ഥം ഉള്ളതായി തെളിവില്ല. ഒരു കൂട്ടം വിശ്വാസികൾക്കുള്ള ഒരു പദവിയായിട്ടാണ് പന്തിരുവർ എന്നതിനപ്പുറമായി പത്രൊസ് ആ വാക്ക് ഉപയോഗിച്ചത്.[2]

ആധികാരിക സ്ഥാനത്തിനും വായനക്കാരെ തിരിച്ചറിയിക്കുന്നതിനും ഇടക്കുള്ള ഒരു സമതുലനാവസ്ഥയിലാണ് പത്രൊസ് ആ വാക്ക് ഉപയോഗിച്ചത്. അവൻ എഴുതി, **ഞങ്ങൾക്ക് ലഭിച്ചതുപോലെ അതേ വിലയേറിയ വിശ്വാസം ലഭിച്ചവർക്ക്**. വിശ്വാസികളോടുള്ള ബന്ധത്തിൽ അപ്പൊസ്തലന് കൃത്രിമമായ "അൽമേനിമാർ" എന്നും "വൈദികർ" എന്നുമുള്ള വേർതിവ് അറിയില്ലായിരുന്നു. അപ്പൊസ്തലന്റെ "അതേ വിശ്വാസം ആയിരുന്നു" അവന്റെ വായനക്കാരുടേതും. പുതിയ നിയമത്തിൽ, "വിശ്വാസം" എന്നത് ചിലപ്പോൾ ഒരു ശിഷ്യന് കർത്താവിലുള്ള ആശ്രയമായും (എബ്രാ. 11:1 നോക്കുക), മറ്റു ചിലപ്പോൾ ക്രിസ്ത്യാനികളുടെ ഉപദേശരൂപത്തിലുള്ള ആശ്രയമായും സൂചിപ്പിച്ചിരിക്കുന്നു (യൂദാ 3). രണ്ട് അർത്ഥവും സന്ദർഭത്തിനു യോജിക്കുന്നതാണ്. ആർട്ടിക്കിൾ ഇല്ലാത്തതിനാൽ ("ദ ഫെയിത്ത്" എന്നതിനു പകരം "ഫെയിത്ത്") എന്നായതിനാൽ, തന്റെ വായനക്കാർ അവരുടെ വിശ്വാസവും ആശ്രയവും ദൈവത്തിൽ വെച്ചിരിക്കുന്നു എന്നാണ് പത്രൊസ് അവരെ ഓർപ്പിച്ചത്.

"വിശ്വാസം ലഭിച്ചു" എന്ന വാക്കുകളിൽ, തന്റെ വായനക്കാർ "വിശ്വാസത്തിന്റെ" ഗുണഭോക്താക്കൾ ആയി എന്ന സൂചന അന്തർലീനമായിട്ടില്ല. ക്രിസ്തുവിന്റെ സന്ദേശം കേൾക്കുകയും, അതു വിശ്വസിക്കുകയും, അവരുടെ ആശ്രയം കർത്താവിൽ അർപ്പിക്കുകയും ചെയ്യുമ്പോഴാണ് ക്രിസ്ത്യാനികൾ "വിശ്വാസികൾ" ആകുന്നത്. ദൈവത്തിൽനിന്നു അത്ഭുതകരമായി ലഭിക്കുന്ന ഒരു പ്രതിഭാസം അല്ല "വിശ്വാസം." അത് സുവിശേഷം അവതരിപ്പിക്കപ്പെടുമ്പോൾ, ഒരാൾ തിരഞ്ഞെടുക്കുന്നതിന്റെ ഫലമായി ലഭിക്കുന്നതാണ്. "കൊരിന്ത്യരിൽ അനേകം പേർ വചനം കേട്ടു വിശ്വസിച്ചു സ്നാനം ഏറ്റു" (പ്രവൃ. 18:8) എന്ന് ലൂക്കൊസ് എഴുതിയപ്പോൾ, അവർ തങ്ങളുടെ ആശ്രയം ക്രിസ്തുവിൽ അർപ്പിച്ചതിന്റെ ഫലത്തിൽ കുറഞ്ഞത് ഒന്നുമായിരുന്നില്ല അവൻ പറഞ്ഞതിന്റെ

അർത്ഥം. വ്യത്യസ്ത മൂല വാക്കുകൾ ഉപയോഗിച്ച് ഇംഗ്ലീഷിൽ, (*പിസ്റ്റിസ്*) അർത്ഥം "വിശ്വാസം" എന്നും *പിസ്റ്റെയുവേ* അർത്ഥം "വിശ്വസിക്കുക" എന്നുമാണ്, അവ പൊതുവായ ഗ്രീക്ക് മൂലവാക്കിൽനിന്നാണ് വന്നിരിക്കുന്നത്.

**നമ്മുടെ ദൈവത്തിന്റെ നീതിയാൽ**, അതു മുഖാന്തരമാണ് പത്രൊസിന്റെ വായനക്കാർക്ക് വിശ്വാസം ലഭിച്ചത്. നമ്മുടെ വേദഭാഗത്തിലെ "നീതി" എന്നത് ഗ്രീക്കിലെ മൂല വാക്കുകളിൽനിന്നു വന്നിരിക്കുന്നതാണ് "നീതി" എന്നും "നീതീകരിക്കൽ" എന്നതും. നീതീകരിക്കപ്പെടുവാൻ നീതിയിലാകേണ്ടതുണ്ട്. ആ വാക്കുകളിൽ നിയമപരമായ സൂചനകൾ അടങ്ങിയിരിക്കുന്നു. വാദിക്ക് അനുകൂലമായി ഒരു ന്യായാധിപൻ വിധി പ്രസ്താവിക്കുമ്പോൾ, കേസ് ജയിച്ച ആൾ "നീതീകരിക്കപ്പെട്ടു." ആ അർത്ഥത്തിലാണ് പൗലൊസ് ആ വാക്ക് പലപ്പോഴും ഉപയോഗിച്ചിരിക്കുന്നത്. ബദലായി ചെയ്ത ക്രിസ്തുവിന്റെ പ്രായശ്ചിത്തം മൂലമാണ് പാപി നീതീകരിക്കപ്പെട്ട് നീതിമാനായത്. എങ്ങനെയായാലും, പത്രൊസിന്റെ മനസിൽ അത്തരം നിയമപരമായ ലക്ഷ്യാർത്ഥങ്ങൾ ഉണ്ടായിരുന്നോ എന്ന കാര്യം സംശയമാണ്. ദൈവത്തിന്റെ ശരിയും നീതിയുമുള്ള വഴിയാണ് പത്രൊസ് പറഞ്ഞ "ദൈവത്തിന്റെ നീതി." ദൈവം നീതിപൂർവ്വം പ്രവർത്തിച്ചതുകൊണ്ടാണ് ഈ ലേഖനത്തിന്റെ വായനക്കാർക്ക് വിശ്വാസം ലഭിച്ചത്-അതായത്, അവൻ തന്റെ വാഗ്ദാനങ്ങളിൽ വിശ്വസ്തനായിരുന്നു. യേശു എന്ന വ്യക്തി പാപത്തിന് വില കൊടുത്ത് ദൈവത്തോടുള്ള സമാധാനത്തിനുള്ള വഴി തുറന്നപ്പോൾ, ദൈവത്തിന്റെ സ്നേഹവും നീതിയും നിറവേറി.

ആ വാക്യത്തിന്റെ അവസാന ഭാഗം തർജിമ ചെയ്യുവാൻ വിഷമമുണ്ട്. "ദൈവത്തിന്റെ നീതിയും," "നമ്മുടെ രക്ഷിതാവായ യേശുക്രിസ്തുവിന്റെ നീതിയും" ആണോ? ആ അർത്ഥമാണ് കെജെവി നൽകിയിരിക്കുന്നത്. "നമ്മുടെ" (*ഹെമോൻ*) എന്ന വാക്ക് ഒരിക്കൽ മാത്രമാണുള്ളത്. അത് യുക്തിപരമായി കാണിക്കുന്നത് ഒന്നുകിൽ "നമ്മുടെ ദൈവം," (എൻഏഎസ്ബി) അല്ലെങ്കിൽ "നമ്മുടെ രക്ഷകൻ" (കെജെവി). എങ്ങനെയായാലും, ദൈവത്തോടുകൂടെ എന്നാണ് ഗ്രീക്ക് വാചകത്തിലെ വാക്കുകളുടെ വ്യാഖ്യാനം. ഉപദേശപരമായ ആ പരിഗണനകൾ വെച്ചുകൊണ്ടായിരിക്കാം എൻഏഎസ്ബി "നമ്മുടെ ദൈവത്തിന്റെയും" **യേശുക്രിസ്തുവിന്റേയും നീതി** എന്നു തർജിമ ചെയ്തത്. അത്, ശരിയാണെന്ന കാര്യത്തിൽ, സംശയമില്ല.

നസറേത്തുകാരനായ യേശു ദൈവവും രക്ഷിതാവുമാണെന്ന് പത്രൊസ് മനസിലാക്കിയിരുന്നു. നാല് പ്രാവശ്യം കൂടെ (1:11; 2:20; 3:2, 18) അവൻ "കർത്താവും രക്ഷിതാവും" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു, അവിടെ ദൈവികത്വത്തിലെ ഏക വ്യക്തിയെ ആണ് പറയുന്നത്. യേശു ദൈവികത്വത്തിൽനിന്നു കുറവുള്ള ഒരു സൃഷ്ടിക്കപ്പെട്ട വ്യക്തിയാണെന്ന തെറ്റിദ്ധാരണ നീക്കുന്നതായിരുന്നു പത്രൊസിന്റെ വാക്കുകൾ.[3]

**വാക്യം 2**. വായനക്കാരെ തിരിച്ചറിയിച്ച ശേഷം അപ്പൊസ്തലൻ അവർക്ക് വേണ്ടി ഒരു ചെറിയ പ്രാർത്ഥന നടത്തിയിരിക്കുന്നു. 1 പത്രൊസ് 1:2 ൽ കാണുന്നതിനു സമാനമായ വാക്കുകളാണ് ഗ്രീക്കിൽ **കൃപയും സമാധാനവും വർദ്ധിക്കുമാറാകട്ടെ** എന്നത്. എന്നാൽ, ഇവിടെ അവൻ **ദൈവത്തിന്റേയും നമ്മുടെ കർത്താവായ യേശുവിന്റേയും പരിജ്ഞാനത്തിൽ** എന്നു കൂട്ടിച്ചേർത്തിരിക്കുന്നു. ലേഖനം തുറക്കുമ്പോൾ, "പരിജ്ഞാനം" എന്ന വാക്ക് പത്രൊസ് തിരഞ്ഞെടുത്തത് യാദൃശ്ചികമായിരുന്നില്ല എന്നു കാണാം. അടുത്ത ഏതാനും വാക്യങ്ങളിൽ ആ വാക്ക് നാലു പ്രാവശ്യം കൂടെ വരുന്നത് കാണാം.

ആ വാക്കിന് സാധാരണ ഉപയോഗിക്കുന്ന *നോസിസ്* എന്ന വാക്കിനു പകരം അപ്പൊസ്തലൻ ശക്തമായ ഒരു വാക്ക് *എപിഗ്നോസിസ്* ആണ് ഉപയോഗിച്ചത്.

അദ്ധ്യായം 2 ൽ പറഞ്ഞ ദുരുപദേഷ്ടാക്കന്മാർക്ക് സംസാരിക്കുവാനും കേൾപ്പിക്കുവാനും ചില രീതിയിലുള്ള "ജ്ഞാനം" ഉണ്ട് എന്ന് അവകാശപ്പെട്ടിരുന്നു എന്നതിന് സാധ്യതയുണ്ട്. അവർക്ക് ഉയർന്ന ജ്ഞാനം ഉണ്ടായിരുന്നു എന്നു പറഞ്ഞത് ഏതു മേഖലയിലായിരുന്നു എന്നു പത്രൊസിന്റെ ചുരുങ്ങിയ വിവരത്തിൽനിന്നു വിശദമാക്കുക പ്രയാസമാണ്. ജ്ഞാനവാദികളുടെ ഉപദേശം 2 പത്രൊസിൽ പറയുന്നത് വെച്ച് അനിശ്ചിതമായിട്ടാണ് എടുത്തുകാണിക്കുവാൻ കഴിയുന്നത്. അത് രണ്ടാം നൂറ്റാണ്ടിലും മൂന്നാം നൂറ്റാണ്ടിലും വ്യാപിച്ചിരുന്ന ഒരു വിഭാഗമായിരുന്നു. പ്രത്യേകവും സങ്കീർണ്ണവുമായ ഉപദേശങ്ങൾ അടങ്ങുന്ന ജ്ഞാനം ഉണ്ടെന്ന് ആ ഉപദേഷ്ടാക്കന്മാർ അവകാശപ്പെട്ടിരുന്നു. ഇവിടെ പറയുന്ന "ജ്ഞാനം" ജ്ഞാനവാദികളുടെ എക്കാലത്തുമുള്ള ജ്ഞാനമാണെന്നാണ് ചില പുതിയ നിയമ വ്യാഖ്യാതാക്കൾ പറയുന്നത്. അത്തരം ബന്ധം ന്യായീകരിക്കാവുന്നതല്ല. 2 പത്രൊസിന്റെ ലേഖനത്തിലെ ദുരുപദേഷ്ടാക്കന്മാരും ജ്ഞാനവാദികളും തമ്മിലുള്ള ബന്ധം വളരെ നേർമ്മയുള്ളതാണ്.

---

കുറിപ്പുകൾ

[1]തർജ്ജമക്കാർ "ശിമെയോൻ" എന്നതിനു പകരം "ശിമോൻ" എന്നു തിരഞ്ഞെടുത്തത് വേദഭാഗവുമായി പിന്തുണക്കുന്നു എന്നതിനാൽ ആയിരിക്കണമെന്നില്ല. ചില തർജ്ജമക്കാർ ബൈബിളിലെ പേരുകൾക്കും സ്ഥലങ്ങൾക്കും പൊതുവായ അക്ഷരങ്ങളാണ് തെറ്റിദ്ധാരണ നീക്കുവാൻ ഉപയോഗിച്ചിട്ടുള്ളത്. എൻഐവിയുടെ ആമുഖം ഇത് കൂടുതൽ വ്യക്തമാക്കും. [2]ജെയിംസ് വാൾട്ടേഴ്സ് പറഞ്ഞതുപോലെ, "അപ്പൊസ്തലൻ" എന്നത് സ്ത്രിക്ക് ആയാലും പുരുഷന് ആയാലും ഒരു പദവിയായിട്ടല്ല പറഞ്ഞിരിക്കുന്നത് (ജെയിംസ് വാൾട്ടേഴ്സ്. "ഫോബെ' ആന്റ് 'ജൂനിയാ (സ്)'-റോമർ. 16:1-2, 7" *ഇൻ എസെയിസ് ഓൺ വിമെൻ ഇൻ ഏർലിയെസ്റ്റ് ക്രിസ്ത്യാനിറ്റി,* എഡി. കാരോൾ ഓസ്ബൺ [ജോപ്ലിൻ, മോ.: കോളേജ് പ്രസ്, 1993], 1.185-90.) പന്തിരുവർക്ക് അപ്പുറമായി അപ്പൊസ്തലിക ഉദ്യോഗത്തിന്റെ അധികാരത്തിന് നീതീകരണമില്ലെന്നാണ് ജോൺ പെയിന്റർ പറഞ്ഞിരിക്കുന്നത് (ജോൺ പെയിന്റർ, *ജസ്റ്റ് ജെയിംസ്: ദ ബ്രദർ ഓഫ് ജീസസ് ഇൻ ഹിസ്റ്ററി ആന്റ് ട്രഡീഷൻ* [മിന്നപൊലിസ്: ഫോർട്രസ് പ്രസ്, 1999], 60.) അവൻ "പന്തിരുവരിൽ" ഉൾപ്പെട്ടിരുന്നില്ലെങ്കിലും, തന്റെ അപ്പൊസ്തലിക അധികാരം പ്രത്യേകതയുള്ളതാണെന്ന് പൗലൊസ് സമ്മതിച്ചിരുന്നു (1 കൊ. 15:8-10). [3]നാലാം നൂറ്റാണ്ടിൽ വ്യാപിച്ച ഏരിയൻ സെക്ടേറിയൻസിന്റെ ഉപദേശമായിരുന്നു ഇത്.